# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 227          28.10.2019 ൽ മറുപടിക്ക്

**<u>നവോത്ഥാന മൂല്യ സംരക്ഷണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സമകാലിക കേരളത്തിൽ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ; | (എ) | നവോത്ഥാന പ്രസ്ഥാനങ്ങൾ തുടച്ച് നീക്കിയ ദുരാചാരങ്ങൾ തിരിച്ചുകൊണ്ടു വരുന്നതിന് ചില കേന്ദ്രങ്ങൾ ശ്രമിച്ചു പോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ ചെറുത്തു തോൽപ്പിക്കുന്നതിനായി കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിയ്ക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നു വരുന്നു. |
| (ബി) | നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണത്തിന് കർമപരിപാടി പരിഗണനയിൽ ഉണ്ടോ; | (ബി)<br>&<br>(സി) | എല്ലാ ജില്ലയിലും ബഹുജന കൂട്ടായ്മ, നവോത്ഥാന മൂല്യങ്ങളെ ആസ്പദമാക്കി കാമ്പസുകളിൽ സംവാദം, നവോത്ഥാന സ്മൃതിയാത്ര തുടങ്ങിയ പരിപാടികൾ മതനേതാക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | നവോത്ഥാന മൂല്യ സംരക്ഷണത്തിൽ മതനേതാക്കളുടെ ഇടം എപ്രകാരം നിശ്ചയിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**